ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 05.12.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1.) രാഷ്ട്രപതി ദ്രൗപദി മുർമുവിൻറെ ഒഡീഷ സന്ദർശനം പുരോഗമിക്കുന്നു; ഭുവനേശ്വറിലെ പുതിയ കോടതി സമുച്ചയം രാഷ്ട്രപതി ഉദ്ഘാടനം ചെയ്തു.

**President Draupadi Murmu's visit to Odisha is progressing; The President inaugurated the new court complex in Bhubaneswar.**

2.) വ്യോമയാന മേഖലയുടെ നവീകരണം ലക്ഷ്യമിടുന്ന ഭാരതീയ വായുയാൻ വിധേയക് ബിൽ പാർലമെൻറ് പാസ്സാക്കി; പ്രതിപക്ഷ ബഹളത്തെ തുടർന്ന് ലോക്സഭ ഇന്നത്തേക്ക് പിരിഞ്ഞു.

**The Parliament has given its nod to the Bharatiya Vayuyan Vidheyak 2024 with the Rajya Sabha passing it today. Lok Sabha has been adjourned for the day following opposition ruckus.**

3.) മഹാരാഷ്ട്ര മുഖ്യമന്ത്രിയായി മൂന്നാം തവണയും ദേവേന്ദ്ര ഫഡ്നാവിസ് സത്യപ്രതിജ്ഞ ചെയ്തു; ഉപമുഖ്യമന്ത്രിമാരായി ഏക്നാഥ് ഷിൻഡേയും അജിത് പവാറും.

**Devendra Fadnavis sworn in as Maharashtra Chief Minister for the third time; Eknath Shinde and Ajit Pawar sworn as Deputy Chief Ministers.**

4.) PROBA – 3 ദൗത്യം വിജയകരമായി വിക്ഷേപിച്ച് ഐഎസ്ആർഒ.

**ISRO today successfully launched PSLV C 59 launch vehicle carring PROBA 3 spacecraft.**

5.) ആലപ്പുഴ കളർകോട് വാഹനാപകടത്തിൽ പരിക്കേറ്റ് ചികിത്സയിലായിരുന്ന ഒരു വിദ്യാർഥി കൂടി മരിച്ചു.

**Another student who was undergoing treatment for injuries sustained in a road accident in Alappuzha's Kalercode has died.**

6.) ലോക ചെസ് ചാമ്പ്യൻഷിപ്പിൽ ഇന്ത്യയുടെ ഡി. ഗുകേഷും ചൈനീസ് താരം ഡിങ് ലിറെനും തമ്മിലുള്ള ഒൻപതാം മത്സരം സമനിലയിൽ.

**The ninth match between India's D. Gukesh and Chinese player Ding Liren at the World Chess Championship ended in a draw.**

$$$$$$$$$$$$$$$$$$$$$$$$$$$$$$$$

## HEADLINE – 1

## PREZ ODISHA

ഒഡീഷ സന്ദർശനം തുടരുന്ന രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ഭുവനേശ്വരിലെ പുതിയ കോടതി സമുച്ചയം ഉദ്ഘാടനം ചെയ്യു. ഭുവനേശ്വറിലെ കാർഷിക – സാങ്കേതിക സർവകലാശാലയുടെ 40-ാമത് ബിരുദ ദാന ചടങ്ങിൽ പങ്കെടുത്ത രാഷ്ട്രപതി കാലാവസ്ഥാ വ്യതിയാനത്തിൽ നിന്നും, പ്രകൃതി ദുരന്തങ്ങളിൽ നിന്നും കർഷകരെ സംരക്ഷിക്കാൻ, പുതിയ പദ്ധതികൾ ആവിഷ്കരിക്കണമെന്ന് നിർദ്ദേശിച്ചു. ഒഡീഷയിലെ തന്റെ ജന്മസ്ഥലമായ ഉപർബേദ ഗ്രാമവും റായിരംഗ്പൂരിലെ മഹിളാ മഹാവിദ്യാലയവും രാഷ്ട്രപതി നാളെ സന്ദർശിക്കും.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$

## HEADLINE – 2

## PARLIAMENT

പ്രതിപക്ഷ ബഹളത്തെ തുടർന്ന് ലോക്സഭ ഇന്നത്തേക്ക് പിരിഞ്ഞു.സംഭൽ പ്രക്ഷോഭം, മുതിർന്ന കോൺഗ്രസ് നേതാക്കൾക്കെതിരെയുള്ള ബിജെപി എംപി നിഷികന്ത് ധൂപെയുടെ ആരോപണം എന്നിവയെ തുടർന്നുള്ള പ്രതിപക്ഷ ബഹളത്തിൻറെ പശ്ചാത്തലത്തിലാണ് ലോക്സഭ പിരിഞ്ഞത്. രാവിലെ സഭ സമ്മേളിച്ചപ്പോഴും സമാന സ്ഥിതിയാണ് ഉണ്ടായിരുന്നത്. ഇതിനെതുടർന്ന് നേരത്തെ രണ്ട് തവണ സ്പീക്കർ സഭ നിർത്തിവച്ചിരുന്നു. അതേസമയം വ്യോമയാന മേഖലയുടെ നവീകരണം ലക്ഷ്യമിടുന്ന ഭാരതീയ വായുയാൻ വിധേയക് ബിൽ പാർലമെൻറ് പാസ്സാക്കി. ലോക്സഭ നേരത്തെ പാസ്സാക്കിയ ബില്ലിന് രാജ്യസഭ ഇന്ന് അംഗീകാരം നൽകുകയായിരുന്നു.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$

## OPPOSITION-PROTEST

ഒരു പ്രമുഖ ബിസിനസ് ഗ്രൂപ്പിനെതിരായ കൈക്കൂലി ആരോപണം സംയുക്ത പാർലമെന്ററി സമിതി അന്വേഷിക്കണമെന്നാവശ്യപ്പെട്ട് പാർലമെന്റ് പരിസരത്ത് പ്രതിപക്ഷ പ്രതിഷേധം നടത്തി. ലോക്സഭ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയും, കോൺഗ്രസ്, ഡിഎംകെ, ആർജെഡി തുടങ്ങി വിവിധ പ്രതിപക്ഷ പാർട്ടികളിലെ എംപിമാരും പാർലമെന്റ് മന്ദിരത്തിൽ നടന്ന പ്രതിഷേധ മാർച്ചിൽ പങ്കെടുത്തു. അതിനിടെ, പ്രതിഷേധം നാടകമാണെന്ന് പറഞ്ഞ കേന്ദ്രമന്ത്രി ഗിരിരാജ് സിങ് പ്രതിപക്ഷത്തിനെതിരെ രൂക്ഷ വിമർശനം ഉയർത്തി.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$

## MANOHARLAL KHATTAR (INTRO)

പ്രധാനമന്ത്രി സൂര്യഘർ മുഫ്ത് ബിജിലി യോജന പ്രകാരം ഇതുവരെ രാജ്യത്ത് രണ്ട് കോടി 86 ലക്ഷത്തിലധികം വീടുകളിൽ വൈദ്യുതി എത്തിച്ചതായി കേന്ദ്രമന്ത്രി മനോഹർ ലാൽ ഖട്ടർ. രാജ്യത്തെ എല്ലാ ഗ്രാമങ്ങളിലേയും എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുക എന്നതാണ് കേന്ദ്ര സർക്കാരിൻറെ ലക്ഷ്യമെന്നും അദ്ദേഹം ലോക്സഭയിൽ പറഞ്ഞു.

**(ഹോൾഡ് ഫോർ വോയ്സ്)**

$$$$$$$$$$$$$$$$$$$$$$$$$$$$$$$$

## RS - EMERGENCY LANDINGS

കഴിഞ്ഞ രണ്ട് വർഷത്തിനിടെ സാങ്കേതിക തകരാർ മൂലം വിമാനങ്ങൾ അടിയന്തര ലാൻഡിംഗ് നടത്തിയ 20 സംഭവങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് കേന്ദ്രസർക്കാർ. രാജ്യത്തെ വ്യോമയാന മേഖലയിൽ പരിശീലനം ലഭിച്ച എൻജിനീയർമാരുടെയോ ആധുനിക ഉപകരണങ്ങളുടെയോ കുറവില്ലെന്ന് കേന്ദ്ര സഹമന്ത്രി മുരളീധർ മൊഹോൽ രാജ്യസഭയിൽ പറഞ്ഞു.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$

## STARTUP-TEXTILES

ടെക്സ്റ്റൈൽ സാങ്കേതിക മേഖലയിൽ ഗവേഷണത്തിനും സംരംഭകത്വത്തിനും വേണ്ടിയുള്ള ഗ്രാന്റ് സ്കീം പ്രകാരം അൻപത് ലക്ഷം രൂപ വീതം ഗ്രാന്റുള്ള രണ്ട് സ്റ്റാർട്ടപ്പുകൾക്ക് കേന്ദ്രസർക്കാർ

അംഗീകാരം നൽകി. സുസ്ഥിര ടെക്സ്റ്റൈൽസ്, മെഡിക്കൽ ടെക്സ്റ്റൈൽസ് എന്നിവയിലെ തന്ത്രപ്രധാന മേഖലകളിൽ സ്റ്റാർട്ടപ്പുകൾ ശ്രദ്ധ കേന്ദ്രീകരിക്കും. കൂടാതെ അക്കാദമിക് ഇൻസ്റ്റിറ്റ്യൂട്ടുകൾ പ്രവർത്തനക്ഷമമാക്കുന്നതിന്റെ ഭാഗമായി ടെക്നിക്കൽ ടെക്സ്റ്റൈൽസിൽ കോഴ്സുകൾ ആരംഭിക്കുന്നതിന് ആറ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഏകദേശം പതിന്നാലു കോടി രൂപയുടെ ധനസഹായവും അനുവദിച്ചു.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$

**HEADLINE –3**

**MAHARASHTRA**

മഹാരാഷ്ട്ര മുഖ്യമന്ത്രിയായി മുതിർന്ന ബിജെപി നേതാവ് ദേവേന്ദ്ര ഫഡ്നാവിസ് സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. മുംബൈ ആസാദ് മൈതാനിൽ നടന്ന ചടങ്ങിൽ ഗവർണർ സി.പി രാധാകൃഷ്ണൻ സത്യവാചകം ചൊല്ലിക്കൊടുത്തു. മൂന്നാം തവണയാണ് ദേവേന്ദ്ര ഫഡ്നാവിസ് മഹാരാഷ്ട്ര മുഖ്യമന്ത്രിയാവുന്നത്. ശിവസേന നേതാവ് ഏകനാഥ് ഷിൻഡെ, എൻസിപിയുടെ അജിത് പവാർ എന്നിവർ ഉപമുഖ്യമന്ത്രിമാരായി സത്യപ്രതിജ്ഞ ചെയ്തു.

പ്രധാനമന്ത്രി നരേന്ദ്രമോദിയും കേന്ദ്രമന്ത്രിമാർ ഉൾപ്പെടെയുള്ള പ്രമുഖ നേതാക്കളും സത്യപ്രതിജ്ഞാ ചടങ്ങിൽ പങ്കെടുത്തു.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$

**HEADLINE – 4**

**ISRO_PSLV C59 (INTRO)**

PROBA - 3 ദൗത്യം വിജയകരമായി വിക്ഷേപിച്ച് ഐഎസ്ആർഒ. ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ ബഹിരാകാശ കേന്ദ്രത്തിൽ നിന്നാണ് വിക്ഷേപണം നടത്തിയത്. യുറോപ്യൻ സ്പേസ് ഏജൻസി പേടകമായ PROBA-3 യിൽ ചില സാങ്കേതിക തകരാറുകൾ കണ്ടെത്തിയതിനെ തുടർന്ന് ഇന്നലെ നടക്കേണ്ടിയിരുന്ന വിക്ഷേപണം ഇന്നത്തേക്ക് മാറ്റുകയായിരുന്നു. പി.എസ്.എൽ.വി C- 59 റോക്കറ്റാണ് PROBA ദൗത്യത്തെ ഭ്രമണ പഥത്തിൽ എത്തിക്കുക. ദൗത്യം വിജയകരമെന്ന് ഐ.എസ്.ആർ.ഒ ചെയർമാർ എസ്.സോമനാഥ് പറഞ്ഞു.

**(ഹോൾഡ് ഫോർ വോയ്സ്)**

$$$$$$$$$$$$$$$$$$$$$$$$$$$$$$$$$

## DAY JHARKHAND-CABINET EXPANSION

ഝാർഖണ്ഡിൽ ഹേമന്ത് സോറൻ മന്ത്രിസഭയുടെ വിപുലീകരണം റാഞ്ചിയിൽ നടന്നു. രാജ്ഭവനിൽ നടന്ന ചടങ്ങിൽ പതിനൊന്ന് മന്ത്രിമാർ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. ഗവർണർ സന്തോഷ് കുമാർ ഗാംഗ്വാർ മന്ത്രിമാർക്ക് സത്യവാചകം ചൊല്ലിക്കൊടുത്തു. ജെഎംഎമ്മിന് ആറ് മന്ത്രിമാരും കോൺഗ്രസിന് നാല് മന്ത്രിമാരും ആർജെഡിക്ക് ഒരു മന്ത്രിയുമാണുള്ളത്.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$$

## BHUTAN KING - INDIA

രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഇന്ത്യയിലെത്തിയ ഭൂട്ടാൻ രാജാവ് ജിഗ്മേ ഖേസർ നാംഗ്യേൽ വാങ്ചുക്കും രാജ്ഞി ജെറ്റ്സൺ പേമ വാങ്ചുക്കും പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. ഭൂട്ടാൻറെ പുരോഗതിക്കും പ്രാദേശിക വികസനത്തിനും വേണ്ടിയുള്ള വാങ്ചുക്കിൻറെ കാഴ്ചപ്പാടിനെ മോദി അഭിനന്ദിച്ചു. ഇരു രാജ്യങ്ങളും തമ്മിലുള്ള പങ്കാളിത്തം ശാശ്വതമായി മുന്നോട്ട് കൊണ്ടുപോകാൻ പ്രതിജ്ഞാബദ്ധമാണെന്ന് സമൂഹമാധ്യമ പോസ്റ്റിൽ പ്രധാനമന്ത്രി പറഞ്ഞു.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$$

## JAISHANKAR - BHARAT AT 100 SUMMIT (INTRO)

മറ്റ് സമ്പദ്വ്യവസ്ഥകളുടെ ഉപഭോക്തൃ വിപണിയാകാൻ ഇന്ത്യ ആഗ്രഹിക്കുന്നില്ലെന്ന് വിദേശകാര്യ മന്ത്രി എസ് ജയശങ്കർ. ചൈനയുമായി ആരോഗ്യകരമായ വ്യാപാര ബന്ധമാണ് ഇന്ത്യ ആഗ്രഹിക്കുന്നതെന്നും എന്നാൽ അതിനെ ആശ്രയിക്കാൻ രാജ്യം താൽപര്യപ്പെടുന്നില്ലെന്നും അദ്ദേഹം പറഞ്ഞു. ന്യൂഡൽഹിയിൽ സംഘടിപ്പിച്ച Bharat at 100 ഉച്ചകോടിയെ അഭിസംബോധന ചെയ്യുകയായിരുന്നു കേന്ദ്രമന്ത്രി. രാജ്യത്തെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ സുഗമമായ പ്രവർത്തനത്തിന് വഴിയൊരുക്കലാണ് സമ്പദ് വ്യവസ്ഥ മെച്ചപ്പെടുത്തുന്നതിനുള്ള മികച്ച വഴിയെന്നും ശ്രീ ജയശങ്കർ പറഞ്ഞു.

**(ഹോൾഡ് ഫോർ വോയ്സ്)**

$$$$$$$$$$$$$$$$$$$$$$$$$$$$$$$$$

## HEADLINE – 5

## ALAPPUZHA – ACCIDENT

ആലപ്പുഴ കളർകോട് വാഹനാപകടത്തിൽ പരിക്കേറ്റ് ചികിത്സയിലായിരുന്ന ഒരു വിദ്യാർഥി കൂടി മരിച്ചു. കൊച്ചിയിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലായിരുന്ന എടത്വ പള്ളിച്ചിറയിൽ ആൽവിൻ ജോർജ് ആണ് മരിച്ചത്. 20 വയസായിരുന്നു. ഇതോടെ കളർകോട് അപകടത്തിൽ മരിച്ച വിദ്യാർഥികളുടെ എണ്ണം ആറായി. ഗുരുതരാവസ്ഥയിലായിരുന്ന ആൽവിനെ ഇന്നലെയാണ് ആലപ്പുഴ മെഡിക്കൽ കോളജിൽനിന്നും കൊച്ചിയിലെ സ്വകാര്യ ആശുപത്രിയിലേക്ക് മാറ്റിയത്.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$

## DELHI POLLUTION

ഡൽഹിയിലെയും സമീപ പ്രദേശങ്ങളിലെയും വായു മലിനീകരണം കണക്കിലെടുത്ത് നടപ്പിലാക്കിയ നിയന്ത്രണങ്ങൾക്ക് ഇളവ് നൽകാൻ സുപ്രീംകോടതി അനുമതി. നാലാംഘട്ട ഗ്രേഡഡ് റെസ്പോൺസ് ആക്ഷൻ പ്ലാൻ രണ്ടാം ഘട്ടത്തിലേക്ക് മാറ്റാനാണ് അനുമതി നൽകിയത്. അന്തരീക്ഷ മലിനീകരണത്തോതിൽ കുറവ് രേഖപ്പെടുത്തിയതിന്റെ പശ്ചാത്തലത്തിലാണ് കോടതിയുടെ നിർദേശം.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$

## ind vs aus W. cricket

ബ്രിസ്ബേനിൽ നടന്ന വനിതാ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ ആദ്യമത്സരത്തിൽ ഓസ്ട്രേലിയയ്ക്കെതിരെ ഇന്ത്യക്ക് തോൽവി. അഞ്ച് വിക്കറ്റിനാണ് ഓസീസിൻറെ ജയം. ടോസ് നേടി ആദ്യം ബാറ്റ് ചെയ്ത ഇന്ത്യക്ക് 34.2 ഓവറിൽ 100 റൺസ് മാത്രമാണ് നേടാനായത്. മറുപടി ബാറ്റിങ്ങിനിറങ്ങിയ ഓസ്ട്രേലിയ 16.2 ഓവറിൽ അഞ്ച് വിക്കറ്റ് നഷ്ടത്തിൽ ലക്ഷ്യം മറികടന്നു. പരമ്പരയിലെ രണ്ടാം മത്സരം ഞായറാഴ്ച നടക്കും.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$

## HEADLINE – 6

## WORLD CHESS CHAMPIONSHIP

ലോക ചെസ് ചാമ്പ്യൻഷിപ്പിൽ ഇന്ത്യയുടെ ഡി.ഗുകേഷും ചൈനീസ് താരം ഡിങ് ലിറെനും തമ്മിലുള്ള ഒൻപതാം മത്സരം സമനിലയിൽ

അവസാനിച്ചു. നേരത്തെ എട്ടാം മത്സരവും സമനിലയിൽ ആയിരുന്നു.

$$$$$$$$$$$$$$$$$$$$$$$$$$$$$$

## I S L

ഐ.എസ്.എൽ ഫുട്ബോളിൽ ഒഡിഷ എഫ്.സി, മുംബൈ സിറ്റിയുമായി ഏറ്റുമുട്ടുന്നു. ഭുവനേശ്വരിലെ കലിംഗ സ്റ്റേഡിയത്തിലാണ് മത്സരം.

$$$$$$$$$$$$$$$$$$$$$$$$$$$$$$

## MEGHWAL – AMBEDKAR

രാജ്യത്തിന്റെ ഭരണഘടനാ ശിൽപി ബി ആർ അംബേദ്കറുടെ മൂല്യങ്ങൾ സംരക്ഷിക്കാൻ കേന്ദ്ര സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് കേന്ദ്ര മന്ത്രി അർജുൻ റാം മേഘ്വാൾ. അധഃസ്ഥിതരുടെ ക്ഷേമത്തിനാണ് കേന്ദ്രസർക്കാർ പ്രാധാന്യം നൽകുന്നതെന്നും അദ്ദേഹം പറഞ്ഞു. വിവിധ പദ്ധതികളിലൂടെയും സംരംഭങ്ങളിലൂടെയും അംബേദ്കറുടെ ആദർശങ്ങൾ സർക്കാർ ലോകത്തിന് മുന്നിൽ എത്തിക്കുകയാണെന്നും ശ്രീ മേഘവാൾ ന്യൂഡൽഹിയിൽ പറഞ്ഞു.

$$$$$$$$$$$$$$$$$$$$$$$$$$$$$$

## TWO TERROR ARRESTED

ജമ്മു കശ്മീരിലെ കുൽഗാം ജില്ലയിൽ എ.കെ 47 തോക്കുമായി രണ്ട് ഭീകരർ അറസ്റ്റിലായി. മൻസൂർ അഹമ്മദ് ഭട്ട്, അൽതാഫ് അഹമ്മദ് ലോൺ എന്നിവരെയാണ് സുരക്ഷാ സേന അറസ്റ്റ് ചെയ്തത്. ഇവരിൽ നിന്ന് ആയുധങ്ങളും വെടിക്കോപ്പുകളും കണ്ടെടുത്തു.

$$$$$$$$$$$$$$$$$$$$$$$$$$$$$$
$$$$$$$$$$$$$$$$$$$$$$$$$$$$
$$$$$$$$$$$$$$$$
$$$$$$$$$$$$